ഡോ. തോമസ് കാലായിൽ സി.എം.ഐ.



# ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ദലിതരുടെ സമുദ്ധാരണവും

**വാ**ഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഇരുനൂറാം ജയന്തി ആഘോഷങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ വത്സരത്തിൽ അദ്ദേഹം നമ്മുടെ നാട്ടിലെ ദലിതരെ സമുദ്ധരിക്കാൻ നടത്തിയ പരിശ്രമങ്ങൾ പല സാമൂഹ്യപ്രവർത്തകർക്കും ഇന്നും അജ്ഞാതമാണ്. അദ്ദേഹവും സഹപ്രവർത്തകരും അനേകം ദലിതരെ ക്രിസ്തുമതത്തിന്റെ കത്തോലിക്കാവിഭാഗത്തിൽ ചേർക്കുകയും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്തു എന്നതു ചരിത്രവസ്തുതയാണ്.

## ദലിതക്രൈസ്തവർ

മുൻകാലങ്ങളിൽ 'അവശക്രൈസ്തവർ', 'പരിവർത്തിത ക്രൈസ്തവർ' എന്നിങ്ങനെ അറിയപ്പെട്ടിരുന്നവർ ഇപ്പോൾ 'ദലിത ക്രൈസ്തവർ' അഥവാ 'ദളിത ക്രൈസ്തവർ' എന്നാണ് അറിയപ്പെടുന്നത്. 'ദലിത' എന്ന പദം സംസ്കൃതത്തിലെ 'ദാൽ' എന്ന ക്രിയാപദത്തിൽ നിന്നാണ് ഉത്ഭവിച്ചിരിക്കുന്നതെന്നും ഈ ക്രിയാപദത്തിന് 'വെട്ടിമുറിക്കുക', 'അടിച്ചമർത്തുക' എന്നിങ്ങനെയാണ് അർഥമെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ഹിന്ദിയിൽ 'ദാൽ' എന്ന പദത്തിന് സർവസാധാരണമായ അർഥം 'പരിപ്പ്' എന്നാണ്. തുവരപ്പയറും മറ്റും തല്ലിപ്പൊട്ടിച്ചാണല്ലോ പരിപ്പെടുക്കുന്നത്. ഇവിടെയും മർദനമാണ് സൂചിപ്പിക്കപ്പെടുന്നത്.

സഹസ്രാബ്ദങ്ങളായി ഭാരതത്തിൽ നിലനിൽക്കുന്ന



*സി.എം.ഐ. സഭയിലെ ആദ്യപിതാക്കന്മാർ സന്യാസവ്രതം സ്വീകരിക്കുന്നു*

ജാതിപരമായ ഉച്ചനീചത്വ വ്യവസ്ഥിതിയനുസരിച്ച് ജാതി
യിൽ താണവർ എന്നു കരുതപ്പെട്ട് മേൽജാതിക്കാരുടെ
മേൽക്കോയ്മയ്ക്കും ചൂഷണത്തിനും മർദനത്തിനും
വിധേയരായി അസ്വതന്ത്രരും അശരണരുമായി കഴിഞ്ഞി
രുന്ന വിഭാഗങ്ങളെ ഒന്നാകെ ഇപ്പോൾ 'ദലിതർ' എന്ന
പദംകൊണ്ടു വിവക്ഷിക്കുന്നു. ഇങ്ങനെയുള്ള സമുദായ
ങ്ങളിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചവരെയാണ് 'ദലി
തക്രൈസ്തവർ' എന്നു വിളിക്കുന്നത്. ക്രിസ്തുമതത്തിൽ
ചേർന്നവരെ വിദ്യാഭ്യാസപരമായും സാമൂഹ്യമായും,
സാംസ്കാരികമായും ഉയർത്താൻ വിവിധ ക്രൈസ്തവ
സമൂഹങ്ങൾ പരിശ്രമിക്കുന്നു. ഈ പാവങ്ങളെ ചൂഷണം
ചെയ്തിരുന്ന മേൽജാതിക്കാരെ ഇത് അരിശം കൊള്ളി
ക്കുന്നു. അതുകൊണ്ട് ഭാരതത്തിന്റെ ചില ഭാഗങ്ങളിൽ
ക്രിസ്ത്യൻ മിഷനറിമാരും അവരോടൊപ്പം പ്രവർത്തിക്കു
ന്നവരും പലവിധത്തിൽ അലട്ടപ്പെടുകയും പീഡിപ്പിക്കപ്പെ
ടുകയും കൊല്ലപ്പെടുകയും ചെയ്യുന്നതിന്റെ വാർത്തകൾ
നമ്മൾ കേൾക്കുന്നുണ്ടല്ലോ. ഒന്നര നൂറ്റാണ്ടുമുമ്പ് പുണ്യ
ശ്ലോകനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും സഹ
പ്രവർത്തകരും മധ്യകേരളത്തിൽ ആരംഭിച്ച് തങ്ങളുടെ
സി.എം.ഐ. സന്യാസസമൂഹത്തിനും, സി.എം.സി.
സന്യാസിനീസമൂഹത്തിനും ദൗത്യമായി ഏല്പിച്ച ദലി
തസമുദ്ധാരണ പ്രവർത്തനങ്ങൾ ഓർമിക്കാനാണ് ഇവിടെ
പ്രധാനമായും ഉദ്ദേശിക്കുന്നത്.

**ഭാരതത്തിലെ ക്രിസ്തുമത പ്രചരണ പശ്ചാത്തലം**

എ.ഡി. 52-ൽ ക്രിസ്തുശിഷ്യനായ സെന്റ് തോമസ്
(മാർതോമ്മാ ശ്ലീഹാ) കേരളത്തിൽ വന്നുവെന്നും
അനേകം മേൽജാതിക്കാരെ ക്രിസ്തുമതത്തിൽ ചേർത്ത
ശേഷം എ.ഡി. 72-ൽ മൈലാപ്പൂരിൽവച്ചു രക്തസാക്ഷി
യായി മരിച്ചു എന്നുമാണ് പാരമ്പര്യം. അദ്ദേഹ
ത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരുടെ സന്തതി
പരമ്പര "മാർത്തോമ്മാ നസ്രാണികൾ" എന്നറിയപ്പെടുന്നു.
ഇവർ മേൽജാതിക്കാരുടെ നിരയിൽപ്പെട്ടവർ ആയിരുന്ന
തുകൊണ്ട് താണജാതിക്കാരെ ക്രിസ്തുമതത്തിൽ
ചേർക്കാൻ കൂട്ടാക്കിയില്ല എന്ന് പാശ്ചാത്യ ക്രൈസ്തവർ
പ്രചരിപ്പിച്ചിരുന്നു. എന്നാൽ യൂറോപ്പിൽ കോൺസ്റ്റൻ
റൈൻ, കാറൾമാൻ തുടങ്ങിയ ക്രൈസ്തവ ചക്രവർത്തി
മാരും മറ്റു ഭരണാധികാരികളും തങ്ങളുടെ ഭരണസംവി
ധാനങ്ങൾ ഉപയോഗിച്ച് ക്രിസ്തുമതം പ്രജകളുടെ മതം
ആക്കിയതുപോലെ പ്രവർത്തിക്കാൻ ഭാരതത്തിൽ ഒരു
ക്രൈസ്തവ സർവാധിപതി ആവിർഭവിച്ചില്ല എന്നും, ഇവി
ടത്തെ മാർത്തോമാ നസ്രാണികൾ അക്രൈസ്തവ രാജാ
ക്കന്മാരുടെയും മറ്റു മേൽജാതിക്കാരുടെയും ദയാദാക്ഷി
ണ്യവും, മതസഹിഷ്ണുതയും സന്മനസും അനുഭവി
ച്ചാണ് നിലനിന്നിരുന്നതെന്നുമുള്ള യാഥാർഥ്യങ്ങൾ
മേൽപ്പറഞ്ഞ പാശ്ചാത്യ പ്രചാരകർ പരിഗണിച്ചില്ല.
എന്നാൽ നിർബന്ധമൊന്നും കൂടാതെ ബോധ്യം വന്ന
തിന്റെ ഫലമായി സവർണരിൽനിന്നും അവർണ
രിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർ മാർത്തോമ്മാ
നസ്രാണികളുടെ മുഖ്യധാരയിൽ ലയിച്ചു ചേർന്ന സംഭ
വങ്ങൾ ഭാരതത്തിൽ ക്രിസ്തുമതത്തിന്റെ ആരംഭം മുത
ലുള്ള കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട് എന്നും ചരിത്ര
ത്തിൽ കാണാം. മാർത്തോമ്മാ നസ്രാണികളുടെ വിശ്വാ
സവും ജീവിതശൈലിയുമാണ് ഇതിനു നിദാനവും നിവേ
ശനവുമായിരുന്നത് എന്നതും പ്രസ്താവ്യമാണ്.
പാശ്ചാത്യ ശൈലിയിലുള്ള മതപ്രചരണം കേരളത്തിൽ
ആരംഭിച്ചത് പോർട്ടീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ,
ഇംഗ്ലീഷുകാർ എന്നിങ്ങനെ യൂറോപ്പിലെ വിവിധ രാജ്യ
ക്കാർ ഇവിടെ കച്ചവടത്തിനു വന്നതോടുകൂടിയാണ്.
അവർ ദലിതരുടെ ഇടയിൽ ക്രിസ്തുമത പ്രചരണം നട
ത്തിയപ്പോൾ, അവരുടെ സൈനികവും സാംസ്കാരികവും
സാങ്കേതികവും മറ്റുമായ സഹായങ്ങൾ ആവശ്യപ്പെടു
കയും പ്രയോജനപ്പെടുത്തുകയും ചെയ്ത ഈ നാട്ടിലെ
ഭരണാധികാരികളും മേൽജാതിക്കാരും എതിർത്തില്ല.
പുണ്യചരിതനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും
സഹസന്യാസികളും മാന്നാനത്ത് പ്രവർത്തനം ആരംഭി
ച്ചപ്പോൾ നിലവിലിരുന്ന സാമുദായികവും, മതപരവും,
രാഷ്ട്രീയവുമായ പശ്ചാത്തലമാണ് മുകളിൽ വിവരിച്ചത്.

**ദലിതസമുദായങ്ങളും ചാവറയച്ചനും**

ക്രിസ്ത്വബ്ദം പത്തൊൻപതാം നൂറ്റാണ്ടിൽ കത്തോ
ലിക്കരായ മാർത്തോമ്മാ നസ്രാണികളുടെ ഭാഗത്തുനിന്നും
സംഘടിതമായ ദലിത സമുദ്ധാരണം സമാരംഭിച്ചത്
വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണ്.
ഇന്നു സി.എം.ഐ. എന്നറിയപ്പെടുന്നതും അദ്ദേഹം ദീർഘ
കാലം നേതൃത്വം നൽകിയിരുന്നതുമായ സന്യാസസഭ
യുടെ മാതൃഭവനത്തിന് 1831-ൽ മാന്നാനത്ത് ശിലാസ്ഥാ
പനം നടത്തി. അതിന്റെ ശാഖാഭവനങ്ങൾ പത്തൊൻപതാം
നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിലും
കേരളത്തിന്റെ പല ഭാഗത്തും സ്ഥാപിക്കപ്പെട്ടു. അതിര
മ്പുഴ, ആർപ്പൂക്കര, എടത്വാ എന്നീ സ്ഥലങ്ങളിൽ ചാവറ
യച്ചൻ ദലിതർക്കുവേണ്ടി മതപഠനകേന്ദ്രങ്ങൾ സ്ഥാപിച്ചു
വെന്ന് ചരിത്രത്തിൽ കാണുന്നു. കൂടാതെ, സി.എം.ഐ.
സഭയുടെ മാതൃഭവനമായ മാന്നാനത്തും, ശാഖാഭവനങ്ങ
ളായ വാഴക്കുളം, എൽത്തുരുത്ത്, അമ്പഴക്കാട്, മുത്തോലി,
പുളിങ്കുന്ന്, ചെത്തിപ്പുഴ, പുതുപ്പള്ളി തുടങ്ങിയവയോടനു
ബന്ധിച്ചും അവയുടെ ആരംഭകാലം മുതൽ ദലിതർക്ക്
ക്രൈസ്തവ മതതത്വങ്ങൾ ഉപദേശിച്ചുകൊടുത്ത് അവരെ
ക്രിസ്തുമതത്തിൽ ചേർത്ത് ഉദ്ധരിക്കുന്നതിനുള്ള സംവി
ധാനമുണ്ടായിരുന്നു. ചാവറ കുര്യാക്കോസ് ഏലിയാസ
ച്ചന്റെ നേതൃത്വവും പ്രേരണയുമാണ് അദ്ദേഹത്തിന്റെ
ജീവിതകാലത്തും (1805-1871) പിൽക്കാലത്തും ഇതിനു
കാരണമായത്.

ഒന്നര നൂറ്റാണ്ടുമുമ്പ് അന്നത്തെ സാമൂഹ്യവ്യവസ്ഥി
തിയിൽ അസ്പൃശ്യരും, അശരണരും, കഠിനാധ്വാനത്തിനു
മാത്രം വിധിക്കപ്പെട്ടവരുമായി ഒരുതരം അടിമത്തത്തിൽ
കഴിഞ്ഞിരുന്ന ദലിതരെ ക്രിസ്തുമതത്തിൽ ചേർക്കാൻ
ചാവറയച്ചൻ മുൻകൈ എടുത്തത് ക്രിസ്തുമതത്തിൽ
ആളെടുപ്പു നടത്തി അംഗസംഖ്യ കൂട്ടണമെന്ന ഉദ്ദേശ്യ
ത്തോടുകൂടിയായിരുന്നില്ല.

ഈ പാവങ്ങളും ദൈവത്തിന്റെ മക്കളാണെന്നും
ക്രിസ്തുവിന്റെ രക്ഷ ഇവർക്കും അവകാശപ്പെട്ടതാണെ
ന്നുമുള്ള ബോധ്യമാണ് അദ്ദേഹത്തെ ഇതിനു പ്രേരിപ്പി
ച്ചത്. അന്നത്തെ മേൽജാതിക്കാർ ഇതിനുനേരെ നെറ്റി
ചുളിച്ചിരുന്നിരിക്കാം. എന്നാൽ ചാവറയച്ചനും അദ്ദേഹ
ത്തിന്റെ സന്യാസസഭാംഗങ്ങളും ശിഷ്യരായിരുന്ന ഇടവക
വൈദികരും ഉന്നംവച്ചത് ഈ പാവങ്ങളുടെ ഉദ്ധാരണമാണ്
എന്ന് അവരുടെ കർമപരിപാടികൾ തെളിയിച്ചു.

**അക്ഷരവെളിച്ചം**

ചാവറയച്ചന്റെയും അനുയായികളുടെയും സേവനം
സ്വീകരിച്ച ദലിതരിൽ ബഹുഭൂരിഭാഗവും ചേരമർ (പുല
യർ), സാംബവർ (പറയർ) എന്നീ സമുദായങ്ങളിൽപ്പെട്ട
വരാണ്. വിശ്വാസവെളിച്ചം മാത്രം പോരാ, അക്ഷരവെ
ളിച്ചം കൂടി ലഭിച്ചെങ്കിലേ അവർ സ്വതന്ത്രരും ഉയരുന്ന
വരും ആയിത്തീരുകയുള്ളുവെന്ന് ചാവറയച്ചൻ തിരിച്ച
റിഞ്ഞു. അക്കാലത്ത് ഈ പാവങ്ങൾക്ക് സർക്കാർ സ്കൂളു
കളിൽ പ്രവേശനം ലഭിച്ചിരുന്നില്ല. സഭവക സ്കൂളുകൾ
ഇല്ലായിരുന്നു. മേൽജാതിക്കാരുടെ മക്കളെ പഠിപ്പിച്ചിരുന്ന
ആശാന്മാർ ദലിതമക്കളെ പഠിപ്പിക്കാൻ വിമുഖരായിരുന്നു.
അതുകൊണ്ട് ആദ്യപടിയായി അവർക്ക് പ്രത്യേക വിദ്യാ
ഭ്യാസസൗകര്യം ഏർപ്പെടുത്തുകയാണ് വിവേകമെന്നു
ചാവറയച്ചൻ മനസിലാക്കി. ആർപ്പൂക്കര തുരുത്തുമാലി
കുന്നിൽ ദലിതക്രൈസ്തവർക്കുവേണ്ടി ഒരു സ്കൂൾ പണി

യുന്നതിന് ചാവറയച്ചൻ വികാരിജനറാൾ എന്ന നിലയിൽ 1864-ൽ കല്പിച്ചതായി പാറപ്പുറത്തു വർക്കിയച്ചന്റെ നാളാഗമത്തിൽ പറഞ്ഞിരിക്കുന്നു. പിന്നീട് മാന്നാനത്ത് ആശ്രമത്തോടനുബന്ധിച്ച് മലയാളം പ്രൈമറിസ്കൂൾ നിലവിൽ വന്നപ്പോൾ ഇതു നിർത്തലാക്കിയതായി കരുതാം. ദലിതർക്കുവേണ്ടി ക്രൈസ്തവ മതപഠനശാലകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ അവരെ അക്ഷരം പഠിപ്പിക്കാൻകൂടി ഏർപ്പാടുകൾ ഉണ്ടായിരുന്നു എന്ന കാര്യം പ്രത്യേകം ഓർമിക്കണം. 1885-ൽ മാന്നാനത്ത് ഇംഗ്ലീഷ് സ്കൂളും തുടർന്ന് മറ്റിതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും നിലവിൽ വന്നപ്പോൾ പ്രൈമറിസ്കൂൾ സ്ഥാപിച്ചു കൊണ്ട് ആരംഭിച്ച ചാവറയച്ചന്റെ സ്വപ്നം പൂവണിയുകയായിരുന്നു.

**സാമൂഹ്യ-സാംസ്കാരിക വിപ്ലവത്തിന്റെ തുടക്കം**

ദലിതർക്ക് അക്ഷരജ്ഞാനം നല്കാൻ ചാവറയച്ചൻ ആരംഭംകുറിച്ചത് അക്കാലത്തെ ദലിതപീഡനത്തിനെതിരേയുള്ള പ്രതിഷേധവും ഒരു സാമൂഹ്യ-സാംസ്കാരിക വിപ്ലവത്തിന്റെ തുടക്കവുമായിരുന്നെന്നു പറയാം. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതലുള്ള പാരമ്പര്യം അവകാശപ്പെട്ടിരുന്ന നസ്രാണി കത്തോലിക്കർക്കുപോലും ഔപചാരിക വിദ്യാഭ്യാസത്തിനു സൗകര്യം ഇല്ലാതിരുന്ന കാലത്ത് അവർക്കും ദലിത ക്രൈസ്തവർക്കും ഒരുപോലെ പഠനസൗകര്യം നല്കാൻ ചാവറയച്ചൻ പദ്ധതികൾ ആവിഷ്കരിച്ചത് ദലിതരുടെ ഉന്നമനത്തിനുവേണ്ടിയുള്ള ആദ്യ പടികൂടിയായിരുന്നു. വിദ്യാഭ്യാസത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വീക്ഷണം വെളിവാക്കുന്ന താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക:

"രണ്ടാമത്തെ വെളിവ് പഠിത്വം ആകുന്നു എന്ന് ശു.മാർ അപ്രേം മല്പാൻ പഠിപ്പിക്കുന്നു എന്നു വരുമ്പോൾ കണ്ണിന്റെ വെളിവുകൂടാതെ ലോകത്തിലുള്ള വസ്തു കാണ്മാൻ വശമില്ലാത്തതുപോലെ പഠിത്വം എന്ന വെളിവുകൂടാതെ പരലോകത്തെയും അതിൽ കുടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശമില്ലാത്തതിനാൽ, കണ്ണില്ലാത്തവരു കുരുടന്മാരാകുന്നു എന്നതുപോലെ പഠിത്വമില്ലാത്തവർ ജ്ഞാനകുരുടന്മാരാകുന്നു." സെമിനാരി സ്ഥാപനത്തോടനുബന്ധപ്പെടുത്തി 1859 മാർച്ച് 25-ാം തീയതി ചാവറയച്ചൻ പള്ളികളിലേക്ക് അയച്ച ഒരു കത്തിലെ ആദ്യവാക്യമാണ് മുകളിൽ ഉദ്ധരിച്ചത്. പഠനമില്ലാത്തവർക്ക് ദൈവികജ്ഞാനവും ശരിയായി ഉണ്ടായിരിക്കുകയില്ല എന്ന ധ്വനിയാണല്ലോ ഇവിടെയുള്ളത്. പഠനവും ദൈവഭക്തിയും സമ്മേളിച്ചാൽ മാത്രമേ ഒരു വ്യക്തിക്ക് യഥാർഥ പൂർണിമയും പുരോഗതിയും ലഭിക്കുകയുള്ളൂ എന്ന കാര്യം ചാവറയച്ചൻ തിരിച്ചറിഞ്ഞിരുന്നു. അക്കാലത്ത് അസ്പൃശ്യരും, അക്ഷരജ്ഞാനമില്ലാത്തവരും സാംസ്കാരികമായും സാമ്പത്തികമായും അധഃസ്ഥിതരുമായിരുന്ന ദലിതർ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തണമെങ്കിൽ വലിയൊരു ദൂരം താണ്ടേണ്ടതുണ്ടെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അക്ഷരജ്ഞാനത്തിലൂടെയേ ഈ പ്രയാണത്തിലെ ആദ്യ ചുവടുവയ്പ് നടക്കുകയുള്ളൂവെന്നും അദ്ദേഹം ഗ്രഹിച്ചിരുന്നു.

കുടുംബങ്ങൾക്കുള്ള ഉപദേശത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തെപ്പറ്റി പുണ്യപുരുഷനായ ചാവറയച്ചൻ പറയുന്നത് ശ്രദ്ധിക്കുക: "തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതുംപോരാ, അവർ പഠിക്കുന്നുണ്ടോ എന്നും അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം". "ഒരു നല്ല അപ്പന്റെ ചാവരുൾ "എന്ന പേരിൽ ചാവറയച്ചൻ എഴുതിയ ദീർഘ ലേഖനത്തിൽ നിന്നുള്ള ഉദ്ധരണിയാണിത്. വിദ്യാഭ്യാസ കാര്യത്തിൽ അദ്ദേഹം എത്ര ശ്രദ്ധാലുവായിരുന്നെന്ന് ഇതു തെളിയിക്കുന്നു.

**പുരോഗതിയുടെ പാതയിൽ**

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ചൈതന്യം ഉൾക്കൊണ്ട് അദ്ദേഹത്തിന്റെ കാലം മുതൽ സി.എം.ഐ. സഭ വിദ്യാഭ്യാസം ഒരു പ്രധാന കർമപരിപാടിയായി സ്വീകരിച്ചിരിക്കുന്നു. വിവിധതരത്തിലുള്ള ഇരുന്നൂറ്റമ്പതിൽപരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്നു സി.എം.ഐ. സഭ നടത്തുന്നുണ്ട്. ജാതി, മത, വർണ, വർഗ വ്യത്യാസം കൂടാതെ സർക്കാർ നിയമങ്ങൾക്കു വിധേയപ്പെട്ട് ഈ സ്ഥാപനങ്ങളിൽ വിദ്യാർഥിനീവിദ്യാർഥികളെ പ്രവേശിപ്പിക്കുന്നു. ഈ സ്ഥാപനങ്ങളിലൂടെയും ഇതര കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും ശിക്ഷണം സ്വീകരിച്ച് അഭ്യസ്തവിദ്യരായ ധാരാളം ദലിതർ ജീവിതത്തിന്റെ നാനാതുറകളിൽ ഇന്നു ശോഭിക്കുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഇതര ക്രൈസ്തവവിഭാഗങ്ങളിൽപ്പെട്ട മിഷനറിമാരും നടത്തിയ ധീരമായ കാൽവയ്പിന്റെ ഫലമാണ് ഈ പുരോഗതി എന്ന് ചരിത്രഗവേഷകർ മനസിലാക്കും.

വിദ്യാഭ്യാസരംഗത്തേതുപോലെ സാമൂഹ്യമായ മറ്റു പല രംഗങ്ങളിലും ചാവറയച്ചന്റെ ഉത്തേജനവും കർമപരിപാടികളും ദലിതസഹോദരങ്ങളുടെ ഇന്നു കാണുന്ന ഉന്നമനത്തിനു നിദാനമായി ഭവിച്ചിട്ടുണ്ട്. തീണ്ടൽ തുടങ്ങിയ അനാചാരങ്ങളുടെ നിർമാർജനം, ദലിതരുടെ അടിമത്തം അവസാനിപ്പിക്കൽ, അവരുടെ കുടുംബഭദ്രത വളർത്തൽ, ആരോഗ്യ സംരക്ഷണം തുടങ്ങിയവ ചാവറയച്ചന്റെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങളാണ്. എങ്കിലും വളരെദൂരം ഇനിയും പോകുവാനുണ്ട്. ദലിതരുടെ സമഗ്രമായ വിമോചനം ഇന്നും ഒരു വിദൂരസ്വപ്നമാണെങ്കിൽ അതിനുള്ള കാരണങ്ങൾ പലതാണെന്ന് സാമൂഹ്യാവബോധമുള്ളവർക്കെല്ലാം അറിയാം. ഭാരതത്തിലെ ഇന്നത്തെ സാഹചര്യത്തിൽ ഇത് ഒഴുക്കിനെതിരെയുള്ള നീന്തിക്കയറ്റം പോലെയാണ്.

**ക്രൈസ്തവ ദലിതർക്ക് ഒരു വെല്ലുവിളി**

വ്യക്തിജീവിതത്തിൽ ക്രിസ്തുമതവിശ്വാസം പുലർത്തുന്നു എന്ന കാരണത്താൽ ദലിതക്രൈസ്തവർ സർക്കാരിന്റെ ആനുകൂല്യങ്ങൾക്ക് അർഹരല്ല എന്ന സ്ഥിതിവിശേഷം ഇന്ന് "മതേതര" സ്വതന്ത്രഭാരതത്തിൽ നിലനില്ക്കുന്നു എന്നത് വിചിത്രമായിരിക്കുന്നു. ഈയവസരത്തിൽ "പരാശ്രയശൈലി" വെടിഞ്ഞ് "സ്വാശ്രയബോധം" വളർത്തുക എന്നതാണ് ക്രൈസ്തവ ദലിതർക്കു കരണീയമായിട്ടുള്ളത്. ദൈവദത്തമായ കഴിവുകളും കർമശേഷിയും ശക്തിപ്പെടുത്തി പുരോഗമനം ഒരു വെല്ലുവിളിയായി കണ്ടുകൊണ്ട് മുമ്പോട്ട് പോകുവാനുള്ള "സ്വാശ്രയബോധം" ആണ് ഓരോ ക്രൈസ്തവ ദലിതനും വളർത്തിയെടുക്കേണ്ടത്.

*വായനയിൽ ഇഷ്ടമുണ്ടായാൽ ഏകാന്തതയിൽ സന്തോഷമുണ്ടാകും.*



*ലുബ്ധന്റെ വസ്തുക്കൾ പുഴു തിന്നും, ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും.*